©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ഞായർ
Thiruvananthapuram, Sunday

2026 ഫെബ്രുവരി 15
15th February 2026
1201 കുംഭം 3
3rd Kumbham 1201
1947 മാഘം 26
26th Magha 1947

നമ്പർ
No.
612

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നം. കെ.എൽ.എസ്/666/2026-ലെജിൻ 2 തിരുവനന്തപുരം, 2026 ഫെബ്രുവരി 15.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69(5)-ാംചട്ടപ്രകാരം 2026-ലെ അബ്കാരി (ഭേദഗതി) ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ടത്തോടും ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ
സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 296

2026-ലെ അബ്കാരി (ഭേദഗതി) ബിൽ

1077-ലെ അബ്കാരി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ബിൽ

പീഠിക.-1077-ലെ അബ്കാരി ആക്ട് (1077 -ലെ 1) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ആക്ടിന് 2026-ലെ അബ്കാരി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 29-ാം വകുപ്പിന്റെ ഭേദഗതി.- 1077-ലെ അബ്കാരി ആക്ടിലെ (1077-ലെ 1) 29-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, ഖണ്ഡം (എ)-ൽ, "റൊട്ടി" എന്ന വാക്കിനു ശേഷം, ", വിനാഗിരി എന്നിവയുടെ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

വലിയ അളവിൽ കള്ള് ഉത്പാദിപ്പിക്കുമ്പോൾ, വില്പനയ്ക്കു ശേഷമുള്ള അധിക കള്ള് പാഴാകുന്നു. എന്നിരുന്നാലും, കള്ളിൽ നിന്ന് വിനാഗിരി പോലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുകയാണെങ്കിൽ ഈ പാഴാക്കൽ ഒഴിവാക്കാനാകും . 2023 ജൂലൈ 27-ാം തീയതിയിലെ സ.ഉ.(കൈ)നം. 79/2023/നികുതി പ്രകാരം പ്രഖ്യാപിച്ച 2023-2024 സാമ്പത്തിക വർഷത്തെ അബ്കാരി നയത്തിൽ, സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള ദാരിദ്ര്യ നിർമ്മാർജ്ജന സ്ത്രീ ശാക്തീകരണ ദൗത്യമായ ""കുടുംബശ്രീ" പോലുള്ള സ്ഥാപനങ്ങളെ, വില്പനയ്ക്കു ശേഷമുള്ള അധിക കള്ളിൽ നിന്ന് വിനാഗിരി പോലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം ഏൽപ്പിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ, കള്ളിൽ നിന്ന് വിനാഗിരിയുടെ ഉത്പാദനം സാധ്യമാക്കുന്നതിലേക്കായി കള്ളിന്റെ വിതരണം നിയന്ത്രിക്കുന്നതിന് 1077-ലെ അബ്കാരി ആക്റ്റിൽ (1077-ലെ 1) വ്യവസ്ഥയില്ല.

വിനാഗിരിയുടെ ഉത്പാദനത്തിനായി കള്ളിന്റെ വിതരണം സാധ്യമാക്കുന്നതിലേക്കായി കള്ളിന്റെ വിതരണം നിയന്ത്രിക്കുന്നതിന് 1077-ലെ അബ്കാരി ആക്റ്റിന്റെ (1077-ലെ 1) 29-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഖണ്ഡം (എ) ഭേദഗതി ചെയ്യാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടു വരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 2-ാം ഖണ്ഡ പ്രകാരം വിനാഗിരിയുടെ നിർമ്മാണത്തിനായി കള്ള് ഉപയോഗിക്കുന്നവർക്ക് അത് വിതരണം ചെയ്യാവുന്ന രീതി നിയന്ത്രിക്കുന്നതിലേക്കായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാകുന്നു. കൂടാതെ, അത്തരം ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനു ശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. ബി. രാജേഷ്.

(ശരിത്തർജ്ജമ)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.16 11:28:29 +05:30